**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2307** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ കാർത്തികപ്പള്ളി - വെമ്പുഴ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ, പി.എം.ജി.എസ്.വൈ. (പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിരുന്ന കാർത്തികപള്ളി - വെമ്പുഴ റോഡിന്റെ നിർവഹണ നടപടികൾ വൈകുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (എ) | പലതവണ ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാരിൽ നിന്നും പ്രതികരണം ഉണ്ടാകാത്തതാണ് കാർത്തികപ്പള്ളി - വെമ്പുഴ റോഡിന്റെ നിർവഹണ നടപടികൾ വൈകുന്നതിന്റെ കാരണം. |
| (ബി) | പ്രസ്തുത റോഡിന്റെ നിർവഹണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വകരിക്കുമോ? | (ബി) | പ്രസ്തുത റോഡിന്റെ നിർവഹണം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഡി.എസ്.ആർ. 2016 പ്രകാരം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ ആലപ്പുഴ ജില്ലയിലെ റോഡുകൾക്ക് ഡി.എസ്.ആർ. 2018 നിരക്ക് പ്രകാരവും നിലവിലെ ബിറ്റുമെൻ റേറ്റ് ഉൾപ്പെടുത്തി ഡി.എസ്.ആർ. 2018 നിരക്ക് പ്രകാരവും മൺപണികൾക്ക് ആലപ്പുഴ ജില്ലയിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ നിർമ്മാണം നടക്കുന്ന ഇതര റോഡു പ്രവർത്തികൾക്ക് നൽകി വരുന്ന മൺപണികളുടെ റേറ്റും അനുവദിച്ച് എസ്റ്റിമേറ്റ് പുതുക്കി ടെണ്ടർ ക്ഷണിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ